സുവനീറുകൾ ബ്രാൻഡ് ചെയ്ത് വിനോദസഞ്ചാരികൾക്കുവേണ്ടി വിപണിയിലെത്തിക്കും. കേരള ടൂറിസത്തിന്റെ വിവര ഉൽപന്ന ബ്രോഷറുകൾ നവീകരിക്കാനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലേയ്ക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായാണ് മേൽ പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്.

(സി) മേൽപ്പറഞ്ഞ എല്ലാ പദ്ധതികൾക്കും ഭരണ അംഗീകാരം നൽകിയിട്ടുണ്ട്.

ടൂറിസം നയം

304(1005) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ ടൂറിസം നയം രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

കായൽ ടൂറിസം

305(1006) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലും കുമരകം തേക്കടികളിലുമായി കായൽ ടൂറിസം ആസ്വദിക്കാനായി എത്തിച്ചേരുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ 2011 മുതൽ 2015 വരെ ഓരോ വർഷവും ഇവിടെ എത്തിയ സഞ്ചാരികൾ എത്ര വീതമെന്നും അതിൽ ആഭ്യന്തര സഞ്ചാരികൾ എത്രവീതമെന്നും പ്രത്യേകം കണക്ക് ലഭ്യമാക്കുമോ;

(സി) സഞ്ചാരികളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് റിസോർട്ടുകളും ഹൗസ് ബോട്ടുകളും വർദ്ധിക്കുകയും അവയിൽ നിന്ന് പുറംതള്ളുന്ന മാലിന്യങ്ങൾ വേമ്പനാട്ടുകായലിന്റെ സർവ്വനാശത്തിലേക്ക് തള്ളിവിടുകയും ചെയ്യുന്നതു സംബന്ധിച്ച പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തൊക്കെ നടപടികൾ കൈക്കൊണ്ടെന്ന് വ്യക്തമാക്കുമോ?

* ഫെബ്രുവരിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly